# പതിനാലാം കേരള നിയമസഭ
# (ഒന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:119** **11/07/2016-ൽ മറുപടിയ്ക്ക്**

## തീരദേശ നിയന്ത്രണമേഖല വിജ്ഞാപനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. മുകേഷ്<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. എ. എൻ. ഷംസീർ<br>ശ്രീ. കെ. ആൻസലൻ: | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |

| | | | |
|---|---|---|---|
| എ) | തീരദേശ നിയന്ത്രണമേഖല വിജ്ഞാപനം സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ എന്തൊക്കെയാണ്; ഈ വസ്തുത കേന്ദ്ര സർക്കാരിനെ യഥാസമയം അറിയിച്ചിട്ടുണ്ടോ; | എ) | തീരദേശ പരിപാലന നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി 2011- ൽ കേന്ദ്ര സർക്കാർ ഇറക്കിയ വിജ്ഞാപനത്തിന്റെ വെളിച്ചത്തിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ താഴെ പറയുന്നവയാണ്. ഇത് യഥാ സമയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി യിട്ടു ണ്ട്.<br><br>തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തീരദേശ നിയന്ത്രണ മേഖലയിൽ ഭവന നിർമ്മാണം, കുടുംബസ്വത്ത് ഭാഗിച്ച് കിട്ടുന്ന ഭൂമിയിൽ വാസഗൃഹങ്ങൾ നിർമ്മിക്കുന്നതിനുള്ള തടസ്സം, ഭവനം പുനർ നിർമ്മിക്കുമ്പോൾ നിലവിലുള്ള തറ വിസ്തീർണ്ണത്തിന് അനുപാതമായി മാത്രം പുനർനിർമ്മിക്കാമെന്നുള്ള വ്യവസ്ഥ, തീരദേശ മേഖലയിൽ ചെറിയ ഭവന നിർമ്മാണത്തിനുപോലുമുള്ള ഇളവിനുവേണ്ടി അതോറിറ്റിയുടെ അനുമതി വേണമെന്നുള്ള വ്യവസ്ഥ, മത്സ്യതൊഴിലാളികളുടെ ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള ഷെഡുകൾ എന്നിവയുടെ നിർമ്മാണത്തിനു നിലവിലുള്ള തടസ്സം, എന്നിവയാണ് ഈ വിജ്ഞാപനം നടപ്പിലാക്കുമ്പോൾ ജനങ്ങൾ ക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ. സംസ്ഥാന തീരദേശ പരിപാലന അതോറിറ്റിക്ക് ആവശ്യമായ ഉദ്യോഗസ്ഥരുടെ കുറവും അപേക്ഷകളുടെ ബാഹുല്യവും നിയമം നടപ്പിലാക്കുന്നതിന് തടസ്സമാകുന്നുണ്ട്. |

| | | | |
|---|---|---|---|
| ബി) | കേരളതീരത്തെ ജനസാന്ദ്രതയും തൊഴിൽ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവ മാറ്റി സ്ഥാപിക്കുന്നതിലെ അപ്രായോഗികതയും അവലോകനം ചെയ്തിട്ടുണ്ടോ; | ബി) | ഇല്ല. വിജ്ഞാപനങ്ങളിൽ നിലവിലുണ്ടായിരുന്ന സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ മാറ്റി സ്ഥാപിക്കണമെന്ന് പറഞ്ഞിട്ടില്ല. അതിനാൽ വിഷയം സംബന്ധിച്ച് അവലോകനം നടത്തിയിട്ടില്ല. |
| സി) | സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പ്രസ്തുത നിയമത്തിൽ ഇളവ് ലഭിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ? | സി) | നിയമത്തിൽ ഇളവ് ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടു ണ്ട്. |

സെക്ഷൻ ആഫീസർ